പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 98 — 04.06.2018 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള ഫ്ലൈറ്റ് സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ഫ്ലൈറ്റ് സർവ്വീസുകൾ നടത്തുവാൻ ഏതെല്ലാം എയർലൈൻ കമ്പനികളാണ് ഇതിനോടകം കണ്ണൂർ ഇന്റർനാഷണൽ എയർപോർട്സ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പുവച്ചത്;<br><br>(ബി) ഇതുപ്രകാരം പ്രതിദിനം എത്ര ആഭ്യന്തര സർവ്വീസുകൾ നടത്തുമെന്നും ഏതെല്ലാം ലക്ഷ്യസ്ഥാനങ്ങളിലേക്കാണ് ആഭ്യന്തര സർവ്വീസുകൾ നടത്തുകയെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും കമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി ചെന്നൈ, ബാംഗ്ലൂർ, ഹുബ്ലി, ഹിൻഡൻ (ഗാസിയാബാദ്), മുംബൈ, കൊച്ചി, ഗോവ, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിലായി 24 ഓളം ആഭ്യന്തര വിമാന സർവ്വീസുകൾ നടത്തുന്നതിന് സ്പൈസ് ജെറ്റ്, ഇൻഡിഗോ എന്നീ വിമാനകമ്പനികളെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) ഇവിടെനിന്ന് എത്ര അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുമെന്നും ഏതെല്ലാം ലക്ഷ്യസ്ഥാനങ്ങളിലേക്കാണ് അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുകയെന്നും വ്യക്തമാക്കുമോ? | (സി) 2 ഇൻഡ്യൻ വിമാനക്കമ്പനികളായ ജെറ്റ് എയർവേയ്സിനും, ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യഥാക്രമം, ദമാമിലേയ്ക്കും, അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അന്താരാഷ്ട്ര വ്യോമ ഗതാഗത അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്പനികൾ ധാരണാപത്രമൊന്നും ഒപ്പുവച്ചിട്ടില്ല. ഇതുകൂടാതെ, എയർ ഇൻഡ്യ എക്സ്പ്രസ് ആറ് ഗൾഫ് രാജ്യങ്ങളിലേയ്ക്കായി രണ്ട് ഫ്ലൈറ്റുകൾ വീതം സർവ്വീസ് നടത്തുന്നതിനായി പദ്ധതിയിട്ടിട്ടുണ്ട്. എയർ ഇൻഡ്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ളൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേയ്സ് മുതലായ വിമാന കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും സർവ്വീസ് നടത്താനുള്ള അന്തിമ ചർച്ച നടന്നു വരുകയാണ്. |

[signature]

സെക്ഷൻ ഓഫീസർ